# കരുണ ചെയ്‌വാൻ എന്തു താമസം

## ഇരിയമ്മൻ തമ്പി രചിച്ചതു

**യദുകുല കാംബോജി** (ശ്രീ)          **താളം ചാപ്പു**

## പല്ലവി

കരുണ ചെയ്‌വാൻ എന്തു താമസം കൃഷ്ണാ
കഴലിനേ കൈ തൊഴുന്നേൻ

## അനുപല്ലവി

ശരണാഗതന്മാക്കിഷ്ട വരദാനം ചെയ്തു ചെമ്മേ
ഗുരുവായൂർ പുരം തന്നിൽ മരുവുമഖില ദുരിത ഹരണ ഭഗവൻ

## ചരണം

ഗുരുതര ഭവസിന്ധൌ ദുരിതസഞ്ചയമാകും
തിരതന്നിൽ മുഴുകുന്ന നരഗതിക്കവലംബം
മരകത മണിവർണ്ണൻ ഹരി തന്നേ എന്നും തവ
ചരിത വർണ്ണനങ്ങളിൽ സകല മുനികൾ പറവതറിവനധുനാ